1. ചിക് എബ്രിയോ (എ ആർ വി)
2. ഹ്യൂമൺ ഡിപ്ലോയിഡ് സെൽ (എ ആർ വി)
3. ഇമ്മ്യൂണോഗ്ലോബിലിൻ ഇഞ്ചക്ഷൻ (എ ആർ വി)

പ്രസ്തുത വിഭാഗത്തിനു ചികിൽസ നൽകുന്നതിനായി എല്ലാ ജില്ലാ ആശുപത്രികളിലും ഐസൊലേഷൻ വാർഡോ മുറിയോ സെപ്റ്റിക് വാർഡോ നിലനിർത്തി വരുന്നുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. സി. പി. സി. ലിസ്റ്റിൽ പ്രധാനപ്പെട്ട മരുന്നുകളിൽ ഈ മരുന്ന് ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) കരുതുന്നില്ല. കാരണം ഇവയുടെ എണ്ണം വളരെ കുറവാണ്. പ്രതിരോധ കുത്തിവയ്പിനുള്ള മരുന്ന് എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്.

(എഫ്) പേവിഷബാധയ്ക്കെതിരെ പ്രയോഗിക്കുന്ന മരുന്നുകൾ നിശ്ചിതമായ ഡിഗ്രിസെൽഷ്യസിൽ സൂക്ഷിക്കുന്നതിനും മരുന്നിന് റിയാക്ഷൻ വരാതെ നോക്കുന്നതിനും ഉള്ള സജ്ജീകരണങ്ങളോടെ മാത്രമേ വാക്സിനേഷൻ സെന്ററുകൾ സ്ഥാപിക്കാവൂ എന്ന് ലോകാരോഗ്യ സംഘടന അഭിപ്രായപ്പെട്ടിട്ടുണ്ട്.

(ജി) ബോധവൽക്കരണം നടത്തുന്നുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ മുഖേനയും സന്നദ്ധ സംഘടനകൾ മുഖേനയും, ലോക്കൽ ബോഡി മുഖേനയും ബോധവൽക്കരണം നടത്തുന്നുണ്ട്.

വീരപ്പനെ പിടികൂടുന്നതിനായുള്ള നടപടികൾ

18 (*18) ശ്രീ. ടി. എം. ജേക്കബ്:
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസ് സേന വീരപ്പനേയും കൂട്ടാളികളേയും പിടികൂടുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വാളയാർ വനാന്തരത്തിൽ വീരപ്പനെ പിടികൂടുന്നതിനായി കേന്ദ്ര ദൗത്യസേനയും തമിഴ്നാട് പോലീസുമായി ബന്ധപ്പെട്ടിട്ടാണോ തെരച്ചിൽ നടത്തിയിട്ടുള്ളത് ;

(സി) വീരപ്പനെ പിടികൂടുന്നതിനായി കേരളത്തിൽ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാന പോലീസ് സേനയിലെ ഏതെല്ലാം ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിൽ എത്ര പോലീസ് സേനയെയാണ് ഇതിനായി ഉപയോഗിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ-ഇ) വീരപ്പനേയും കൂട്ടാളികളേയും പിടികൂടുന്നതിനായി പ്രവർത്തിക്കുന്ന തമിഴ്നാട് കർണ്ണാടക പോലീസ് സേനകൾ ഉൾപ്പെടുന്ന പ്രത്യേക ദൗത്യസേനയ്ക്കും കേന്ദ്ര സേനാവിഭാഗമായ ബി.എസ്.എഫിനും കേരള പോലീസ് സഹായം നൽകിയിട്ടുണ്ട്.

വീരപ്പനും കൂട്ടാളികളും രക്ഷപ്പെടുന്നത് തടയുന്നതിനായി വാളയാർ, മലമ്പുഴ എന്നീ വനപ്രദേശങ്ങളിൽ നിന്നും കേരളാ അതിർത്തിക്കുള്ളിലെ ബഹിർഗമന മാർഗ്ഗങ്ങൾ കേരളാ പോലീസ് തടയുകയും വാളയാറിൽ കർശനമായ വാഹന പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. വീരപ്പനെ പിടിക്കുവാൻ നിയുക്തമായ പ്രത്യേക സംഘത്തിന് ആവശ്യമായ എല്ലാ സഹായങ്ങളും നൽകിവരുന്നു. പ്രത്യേക സംഘത്തിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നതിനാൽ വിശദാംശങ്ങൾ നൽകുവാൻ നിർവാഹമില്ല.

പൊതുവിപണിയുടെ മേൽ നിയന്ത്രണം

19 (*19) ശ്രീ. എം. ദാസൻ :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. എം. എ. തോമസ് :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതു വിപണിയുടെ മേൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) എങ്കിൽ അവശ്യസാധനനിയമപ്രകാരം പൊതു കമ്പോളത്തിൽ റെയ്ഡ്, പരിശോധന എന്നിവ വ്യാപിപ്പിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ലൈസൻസില്ലാത്ത അനധികൃത കച്ചവടം, ലൈസൻസ് പുതുക്കാതിരിക്കൽ, സ്റ്റോക്ക് ബോർഡ്, വിലവിവരപ്പട്ടിക എന്നിവ പ്രദർശിപ്പിക്കാതിരിക്കൽ എന്നീ കുറ്റങ്ങൾക്കെതിരെ സംസ്ഥാനത്ത് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്താമോ ;

(ഡി) സംസ്ഥാനത്ത് പൊതുവിപണിയിൽ കാര്യക്ഷമമായും ഫലപ്രദമായും ഇടപെടുന്നതിന് സിവിൽ സപ്ലൈസ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം എത്രകണ്ട് പ്രയോജനകരമെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും നൽകേണ്ട ലൈസൻസുകൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന ഫീസ് പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly